*22-06-2026*
*Adjournment motion*

മി. സ്പീക്കർ: ഓർഡർ... ഓർഡർ....

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

പകർച്ചവ്യാധി വ്യാപനം

മി. സ്പീക്കർ: കോഴിക്കോട് മെഡിക്കൽ കോളേജിൽ ഷിഗെല്ല ബാധിച്ച് രണ്ടാം ക്ലാസ് വിദ്യാർഥി മരണപ്പെട്ടതും നിപ, എബോള, കുരങ്ങുപനി, മലേറിയ എന്നിവ പടർന്നുപിടിച്ച് മരണങ്ങൾ വ്യാപിക്കുന്നതും മഴക്കാല പൂർവ ശുചീകരണം നടത്താത്തതിനാൽ പകർച്ചപ്പനി വ്യാപിക്കുന്നതുമൂലം പൊതുജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. എ. മുഹമ്മദ് റിയാസ്, ജി. ആർ. അനിൽ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ബഹുമാനപ്പെട്ട ബേപ്പൂർ അംഗം ശ്രീ. പി. എ. മുഹമ്മദ് റിയാസ് പറഞ്ഞ വിശദീകരണ കുറിപ്പിലെ ഒരു പാളിച്ച ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. വിദേശത്തുനിന്നുംവന്ന വനിതയ്ക്ക് എബോള സ്ഥിരീകരിച്ചത്

ആരോഗ്യവൃത്തങ്ങളിൽ ആശങ്ക പടർത്തിയിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങയുടെ അറിവിലേക്കായി പറയുകയാണ്, ഇന്ത്യയിൽ ഒരിടത്തും എബോള സ്ഥിരീകരിച്ചിട്ടില്ല. ഒരു രോഗി സുഡാനിൽനിന്ന് ഉഗാണ്ടവഴി കൊച്ചിയിൽ എത്തുകയും അവർക്ക് അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് അവരെ കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യുകയും സാമ്പിൾ പരിശോധനയിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിൽ ഫലം നെഗറ്റീവാണെന്ന് കണ്ടുപിടിക്കുകയും ചെയ്തു. പക്ഷേ, അതേ സമയത്ത് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയ നിർദേശമനുസരിച്ച് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഫൈനലായി പരിശോധന കഴിഞ്ഞതിനുശേഷം മാത്രമെ റിസൾട്ട് പുറത്തുവിടാവൂ എന്നാവശ്യപ്പെടുകയും അതനുസരിച്ച് 19-ാം തീയതി രാത്രിയോടെ ഫലം നെഗറ്റീവാണെന്ന് വരികയും ആ വ്യക്തിയെ ഹൗസ് ക്വാറന്റയിനിലേക്ക് അയയ്ക്കുകയും ചെയ്തു. അതുകൊണ്ട്, എബോള ഇന്ത്യയിൽ ഒരിടത്തും സ്ഥിരീകരിച്ചിട്ടില്ലെന്നും കേരളത്തിൽ സ്ഥിരീകരിച്ച് ആശങ്കയുണ്ടാക്കി എന്നുപറയുന്നത് ശരിയല്ലെന്നും ആമുഖമായി പറയുകയാണ്.

*22-06-2026*
*Adjournment motion*

സംസ്ഥാനത്ത് ഡെങ്കിപ്പനി, നിപ, ഷിഗെല്ല, എലിപ്പനി, മലേറിയ, അമീബിക് മസ്തിഷ്കജ്വരം തുടങ്ങിയ പകർച്ചവ്യാധികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് പുതിയ ദിശാബോധവും ശക്തമായ ഏകോപനസംവിധാനവും ഒരുക്കിയിരിക്കുകയാണ്. രോഗം വന്നതിനുശേഷം ചികിത്സിക്കുക എന്നതിനെക്കാളുപരി രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ പ്രധാന സമീപനം. ഇതിനായി ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യ സുരക്ഷാ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജലവിഭവ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയോജിത പ്രവർത്തനങ്ങൾ ഉറപ്പാക്കിയിരിക്കുകയാണ്. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി രോഗനിരീക്ഷണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നിപ പോലുള്ള ഗുരുതരമായ രോഗങ്ങളുടെ സാഹചര്യത്തിൽ രോഗിയുടെ സമ്പർക്ക പട്ടിക തയ്യാറാക്കി ഉയർന്ന അപകട സാധ്യതയുള്ളവരെ പ്രത്യേകം നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ജില്ലാ കൺട്രോൾ റൂമുകൾ മുഖേന പ്രതിദിന നിരീക്ഷണവും മാനസികാരോഗ്യ

പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. രോഗവ്യാപനം ഉണ്ടാകാതിരിക്കാൻ ആശുപത്രിതലത്തിലും സമൂഹതലത്തിലും ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഡെങ്കിപ്പനി നിയന്ത്രണത്തിന്റെ പ്രധാന ഘടകമായി ഉറവിട നശീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ 'ഡ്രൈ ഡേ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. എല്ലാ വെള്ളിയാഴ്ചയും വിദ്യാലയങ്ങളിലും ശനിയാഴ്ച സർക്കാർ ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും 'ഡ്രൈ ഡേ' ആചരിക്കുന്നതിനുള്ള കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്. പൂച്ചെട്ടികൾ, ഫ്രിഡ്ജിലെ ട്രേകൾ, ചിരട്ടകൾ, ഉപേക്ഷിക്കപ്പെട്ട പാത്രങ്ങൾ തുടങ്ങിയവയിൽ വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കി കൊതുകുകളുടെ പ്രധാന പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കുകയെന്നുള്ളതാണ് ലക്ഷ്യം. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വീടുകൾ സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ജലജന്യ രോഗങ്ങൾ തടയുന്നതിനായി കുടിവെള്ളത്തിന്റെയും ഭക്ഷ്യസുരക്ഷയുടെയും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണ കേന്ദ്രങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, ഹോട്ടലുകൾ, തട്ടുകടകൾ, കുപ്പിവെള്ള നിർമ്മാണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിശോധന

ശക്തമാക്കിയിട്ടുണ്ട്. സുരക്ഷിതമല്ലാത്ത ഭക്ഷണവും മലിനജലവും മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധം കൂടുതൽ ശാസ്ത്രീയവും ദീർഘകാല അടിസ്ഥാനത്തിലുള്ളതാക്കുന്നതിനായി സർക്കാർ സ്വകാര്യ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. രോഗവ്യാപനത്തിന് കാരണമാകുന്ന ഘടകങ്ങൾ പഠിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുക, ഓരോ രോഗത്തിന്റെയും കാലാവസ്ഥാപരമായ പ്രവണതകളുൾപ്പെടുത്തി എപ്പിഡെമിക് കലണ്ടർ തയ്യാറാക്കുക തുടങ്ങിയവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. സംസ്ഥാന ജില്ലാതലങ്ങളിൽ ഔട്ട് ബ്രേക്ക് മോണിറ്ററിങ് യൂണിറ്റുകളും ആക്ഷൻ കമ്മിറ്റികളും രൂപീകരിച്ച് രോഗനിരീക്ഷണവും പ്രതികരണ സംവിധാനവും കൂടുതൽ ശക്തിപ്പെടുത്തുകയും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ആരോഗ്യ അവബോധം വർധിപ്പിക്കുന്നതിനുമായി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പനി, ചുമ, ജലദോഷം തുടങ്ങിയ

ലക്ഷണങ്ങളുള്ളവർ പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കുക, അസുഖമുള്ള കുട്ടികളെ വിദ്യാലയങ്ങളിലേക്ക് അയയ്ക്കാതിരിക്കുക, വ്യക്തി ശുചിത്വം പാലിക്കുക, പരിസര ശുചീകരണത്തിൽ പങ്കാളികളാവുക തുടങ്ങിയ സന്ദേശങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്.

രോഗങ്ങൾ മറച്ചുവച്ച് എല്ലാം ശരിയാണെന്ന് പറയുന്നതല്ല ഈ സർക്കാരിന്റെ സമീപനം. രോഗവിവരങ്ങൾ മറച്ചുവയ്ക്കാതെ പരസ്യമായും ശാസ്ത്രീയമായും ജനങ്ങളുമായി പങ്കുവയ്ക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനോടൊപ്പംതന്നെ ആരോഗ്യമേഖലയെ സമഗ്രമായി നവീകരിക്കുന്നതിന് 'കായകല്പം' എന്ന സംസ്ഥാനതല ജനസമ്പർക്ക പരിഷ്കരണ പരിപാടിക്കും തുടക്കം കുറിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾ നേരിടുന്ന അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, ജീവനക്കാരുടെ കുറവ്, ചികിത്സാ ഉപകരണങ്ങളുടെ അഭാവം, സേവന നിലവാരവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ എന്നിവ നേരിട്ട് മനസ്സിലാക്കി പരിഹരിക്കുകയെന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആരോഗ്യമന്ത്രിയെന്ന നിലയിൽ ഞാൻ നേരിട്ട് ജനങ്ങളുമായും ജനപ്രതിനിധികളുമായും ആരോഗ്യ പ്രവർത്തകരുമായും

കൂടിക്കാഴ്ചകൾ നടത്തി പരാതികളും നിർദേശങ്ങളും സ്വീകരിച്ചുവരികയാണ്. അതിന്റെ ആദ്യതല ഉദ്ഘാടനം കോഴിക്കോട് നിർവഹിച്ചുകഴിഞ്ഞു. 'കായകൽപ്പം' പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളുടെയും കെട്ടിടങ്ങളുടെയും സുരക്ഷിതത്വവും പ്രവർത്തനക്ഷമതയും വിലയിരുത്തും. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന നൽകിയുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളിൽ രോഗികളെ നിലത്തുകിടത്തുന്ന സാഹചര്യം ഒഴിവാക്കുക, ആവശ്യമായ കിടക്കകളും ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കുക, ഉപകരണങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തുക എന്നിവയും ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. ഇതിനുപുറമെ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, സ്പെഷ്യലിസ്റ്റുകൾ, നഴ്സുമാർ, സാങ്കേതിക ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ കണ്ടെത്തി നികത്തുന്നതിനുള്ള പ്രവർത്തനങ്ങളും 'കായകൽപ്പം' പദ്ധതിയുടെ ഭാഗമായി നടന്നുവരികയാണ്. ജില്ലാതലത്തിലും നിയോജകമണ്ഡല തലത്തിലുമുള്ള സേവന വിടവുകൾ കണ്ടെത്തി ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും പദ്ധതികൾ തയ്യാറാക്കും.

പ്രത്യേകിച്ചും വിദഗ്ധ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് മുൻഗണന നൽകും. മരുന്നുകളുടെയും ജീവൻരക്ഷാ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലുള്ള സാമ്പത്തിക പ്രതിസന്ധികൾ പരിഹരിച്ച് വിതരണ ശൃംഖല ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിച്ച് മെഡിക്കൽ കോളേജുകളിലെ അമിതഭാരം കുറയ്ക്കുന്നതിനുള്ള സമഗ്ര സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളിലുമുള്ള മുൻകരുതൽ സർക്കാർ സ്വീകരിക്കുന്നുണ്ട്. നിലവിൽ ഭയപ്പെടേണ്ട ഒരു സാഹചര്യവുമില്ല.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഒരു ഷിഗെല്ല മരണവാർത്ത കേട്ടുകൊണ്ടാണ് ഞാനിപ്പോൾ ഇങ്ങോട്ടേക്ക് വന്നത്. ഒരു സർക്കാരിനെ വിലയിരുത്താൻ 35 ദിവസം മതിയാകില്ലെന്നുള്ളത് വസ്തുതയാണ്. എന്നാൽ ഒരു സർക്കാർ ഏത് ദിശയിലേക്കാണ് സഞ്ചരിക്കുന്നതെന്ന് തിരിച്ചറിയാൻ 35 ദിവസം ധാരാളമാണ്. സംസ്ഥാനത്ത് പകർച്ചവ്യാധികൾ

വ്യാപിക്കുന്നത് ഏതെങ്കിലുമൊരു മുന്നണി നയിക്കുന്ന സർക്കാർ ഭരിക്കുന്നതുകൊണ്ടാണെന്ന് കരുതുന്നവരല്ല ഞങ്ങൾ. നിലവിലെ ആരോഗ്യമന്ത്രിയുടെ കാഴ്ചപ്പാടല്ല ഞങ്ങളുടെ കാഴ്ചപ്പാട്. പകർച്ചവ്യാധി പകരാതിരിക്കാൻ സർക്കാരിനോടൊപ്പം നിന്നുകൊണ്ട് എന്തൊക്കെ ഇടപെടലുകൾ നടത്താൻ സാധിക്കുമോ അതെല്ലാം നടത്തി മുന്നോട്ടുപോവുകയെന്നുള്ള ക്രിയാത്മക ചുമതലയാണ് പ്രതിപക്ഷം നിർവഹിച്ചിട്ടുള്ളതും ഇനിയും നിർവഹിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും. എന്നാൽ സർക്കാർ തിരുത്തേണ്ട ഗൗരവമേറിയ വിഷയങ്ങൾ അടിയന്തരമായി തിരുത്തുകയും മുന്നോട്ടുള്ള പ്രശ്നങ്ങളെ ചൂണ്ടിക്കാണിക്കുകയെന്നതും ഞങ്ങളുടെ ഉത്തരവാദിത്വമാണ്. ആരോഗ്യ മേഖലയിലെ 'കേരള മോഡൽ' ലോകമാകെ അംഗീകരിച്ചതാണ്. എന്നാൽ ആ 'കേരള മോഡൽ' യു.ഡി.എഫ്. ഗവൺമെന്റ് കൈവിടുന്നുവെന്നുള്ളതിന്റെ സൂചനകളാണ് ഈ 35 ദിവസത്തെ ഇടപെടലുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. അതനുവദിക്കാൻ കഴിയില്ലെന്ന് പറയാൻ ഞാൻ ആദ്യംതന്നെ ആഗ്രഹിക്കുകയാണ്. ഇത് ഞങ്ങളുടെ മാത്രം അഭിപ്രായമല്ല; കേരളത്തിലെ നൂറുശതമാനം ജനങ്ങളും ആഗ്രഹിക്കുന്നതാണ്.

2021 മേയ് 20-ന് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റപ്പോൾ കോവിഡ് കാലഘട്ടമായിരുന്നു. ആ സമയത്ത് അധികാരമേറ്റ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യമാസം ജനങ്ങളുടെ ജീവൻ രക്ഷിക്കാനുള്ള പോരാട്ടത്തിന്റേതായിരുന്നു. എന്നാൽ 2026 മേയ് 18-ന് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാരിന്റെ ആദ്യമാസം ഭരണപരമായ തർക്കങ്ങളുടെയും പ്രഖ്യാപനങ്ങളുടെയും ഭാഗമായി പലരുടെയും മാനം രക്ഷിക്കാനുള്ള മാസമായി മാറിയെന്നുള്ളത് ഒരു വസ്തുതയാണ്. എന്തെല്ലാം പകർച്ചവ്യാധികളാണ് കേരളത്തിൽ ഈ മഴക്കാലത്ത് പെരുകുന്നത്. നിപ, എബോള, എംപോക്സ്, ഷിഗെല്ല, വെസ്റ്റ് നൈൽ, ഡെങ്കി, മലേറിയ, കോളറ, അമീബിക് മസ്തിഷ്കജ്വരം, കുരങ്ങുപനി എന്നിങ്ങനെ മാരകസ്വഭാവമുള്ള രോഗങ്ങളാണ് കേരളത്തിൽ സ്ഥിരീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എബോളയെ സംബന്ധിച്ച് പറയുകയുണ്ടായി. ഇനി മണിക്കൂറുകൾ കഴിഞ്ഞാൽ ഉത്തരവാദപ്പെട്ട ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ കേരളത്തിൽ എബോളയുണ്ട് എന്നുപറയുമോ എന്നാണ് എന്റെ ഭയം. ഈ 35 ദിവസത്തെ അനുഭവമതാണ്. പകർച്ചവ്യാധികൾ കേരളത്തിൽ

പടരുന്നതിന്റെ കാരണം, ആര് ഭരിക്കുന്നുവെന്നുള്ളത് നോക്കിയല്ല. എന്നാലത് തടയുന്നതിൽ സർക്കാരിന്റെ കാഴ്ചപ്പാട് എന്തെന്നതാണ് പ്രധാന പ്രശ്നം. സംസ്ഥാനത്ത് ജൂൺ 1 മുതൽ 19 വരെ പകർച്ചവ്യാധികൾ ബാധിച്ച് 87 മരണമുണ്ടായെന്നത് ഒരു വസ്തുതയാണ്. ഷിഗെല്ല ബാധിച്ച് 7 മരണവും 133 രോഗബാധിതരും ഇൻഫ്ലുവൻസ ബാധിച്ച് 13 മരണവും 1350 രോഗബാധിതരും വയറിളക്കം ബാധിച്ച് 5 മരണവും 58031 രോഗബാധിതരും മസ്തിഷ്കജ്വരം ബാധിച്ച് 4 മരണവും 14 രോഗബാധിതരും മഞ്ഞപ്പിത്തം ബാധിച്ച് 4 മരണവും 469 രോഗബാധിതരും ഡെങ്കിപ്പനി ബാധിച്ച് 11 മരണവും 1270 രോഗബാധിതരും എലിപ്പനി ബാധിച്ച് 13 മരണവും 469 രോഗബാധിതരും അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് 3 മരണവും 13 രോഗബാധിതരും പനി ബാധിച്ച് 2 മരണവും 219988 രോഗബാധിതരും ടൈഫസ് ബാധിച്ച് 1 മരണവും 40 രോഗബാധിതരും ചിക്കൻപോക്സ് ബാധിച്ച് 1 മരണവും 1640 രോഗബാധിതരും പേവിഷബാധ ബാധിച്ച് 2 മരണവും വെസ്റ്റ് നൈൽ ബാധിച്ച് മരണം സംഭവിച്ചില്ലെങ്കിലും 6 രോഗബാധിതരും എംപോക്സ് ബാധിച്ച് മരണമില്ലെങ്കിലും ഒരാൾക്ക് രോഗബാധയും നിപ ബാധിച്ച് മരണമില്ലെങ്കിലും ഒരാൾ അത്യാസന്ന

നിലയിലുമാണ്. 28-12-2021-ന് എൽ.ഡി.എഫ്. ഭരണകാലത്ത് അന്നത്തെ വടകര എം.പി. കൂടിയായിരുന്ന ഇന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി നടത്തിയ ഒരു പ്രസംഗം ഇങ്ങനെയായിരുന്നു. "എരണം കെട്ടവൻ നാടുഭരിച്ചാൽ നാടുമുടിയും. നിപ പോലെ ഇതുവരെ കേൾക്കാത്ത രോഗങ്ങൾ കേരളത്തിൽ ബാധിക്കുന്നു. വവ്വാലാണത്രേ അത് പരത്തുന്നത്. കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും ഉമ്മൻ ചാണ്ടിയും ഭരിച്ചപ്പോൾ നാട്ടിൽ വവ്വാലുണ്ടായിരുന്നില്ലേ. ഇപ്പോൾ വവ്വാൽ രോഗം പരത്താൻ കാരണം ഭരിക്കുന്നവർ ശരിയല്ലാത്തതുകൊണ്ടാണ്". പക്ഷെ ഞങ്ങൾ ഇത്തരം കാഴ്ചപ്പാടുള്ളവരല്ല. ഈ വിഷയത്തിൽ വ്യക്തിപരമായി വകുപ്പുമന്ത്രിയെയോ മുഖ്യമന്ത്രിയെയോ അധിക്ഷേപിക്കാൻ ഞങ്ങളില്ല. അത് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ സംസ്കാരമല്ലെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇങ്ങോട്ടുവരുമ്പോൾ ചിലർ ചൂണ്ടിക്കാട്ടിയ വിഷയം തന്നെ ഒരാൾ സഭയിലും ആവർത്തിച്ചുപറഞ്ഞു. പക്ഷെ, അത് ഞങ്ങളുടെ നിലപാടല്ല. ആളുകൾ അങ്ങനെയും കരുതുന്നുണ്ട്. ഇന്നത്തെ ആരോഗ്യ മന്ത്രിയോട് അന്നത്തെ ആ പ്രസംഗം ഓർത്തുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇതുപോലെ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ മനസ്സിലാക്കി

പ്രസ്താവന നടത്തുന്ന ഒരു രാഷ്ട്രീയ നേതാവ് ലോകത്തില്ലെന്നുള്ളതാണ് അവർ ചൂണ്ടിക്കാട്ടിയത്. അതിന്റെ ഭാഗമായി 'ദീർഘവീക്ഷണ ശ്രീ' ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകണമെന്നുള്ള അഭിപ്രായവും പറഞ്ഞു. ഞങ്ങൾ ആ കാഴ്ചപ്പാടിനോട് യോജിക്കുന്നില്ല. അങ്ങനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ വിഷയത്തിൽ അധിക്ഷേപിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നുള്ളത് സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ ഒരുമാസംകൊണ്ട് കേരളത്തിന്റെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ഏകോപന പ്രശ്നങ്ങൾ എന്തൊക്കെയാണ്? കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ പരിശോധന ഫലം വന്ന ഘട്ടത്തിൽ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് നിപ പരിശോധന ഫലം ലഭിച്ചിട്ടില്ലെന്നാണ്. എന്നാൽ പരിശോധനഫലം ലഭിച്ചെന്ന് കോഴിക്കോട് ജില്ലാകളക്ടർ ഉടനെത്തന്നെ പറയുകയുമുണ്ടായി. രോഗബാധിതന്റെ നില തൃപ്തികരമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ രോഗബാധിതൻ അത്യാസന്ന നിലയിലെന്ന് ജില്ലാകളക്ടർ ഉടനെ പറയുകയാണ്. പാലക്കാട് കോളറ സ്ഥിരീകരിച്ചതായി ആരോഗ്യ

വകുപ്പുമന്ത്രി പറഞ്ഞ് മണിക്കൂറുകൾക്കകം ഡി.എം.ഒ. പറയുകയാണ് പാലക്കാട് കോളറ സ്ഥിരീകരിച്ചിട്ടില്ലെന്ന്. ഒരുകണക്കിന് പാലക്കാട്ടുകാർക്ക് ഭാഗ്യമുണ്ട്. പാലക്കാട് ഒരു ഡി.എം.ഒ. എങ്കിലുമുണ്ട്. എന്നാൽ കോഴിക്കോട് ഒരു ഡി.എം.ഒ. പോലുമില്ല. ഭരണകക്ഷിയിലെ പലരും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റാനുള്ള തിരക്കിലാണ്. ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങിലെ പഴയ പത്തുവർഷം മുമ്പുള്ള കൊയ്ത്തുകാലം തിരിച്ചുവരികയാണെന്നാണ് നാട്ടുസംസാരം. നിലവിൽ ഡി.എച്ച്.എസ്. വിവാദം കത്തിനിൽക്കുകയാണ്. കേരളമുണ്ടായതിനുശേഷം ഇന്നുവരെ കാണാത്ത കസേര യുദ്ധമാണ് കഴിഞ്ഞ ദിവസം ഡി.എച്ച്.എസ്.-ൽ കണ്ടത്. അങ്ങൊരു സിനിമാ പ്രേമിയാണെന്ന് എനിക്കറിയാം. 'അയാൾ കഥ എഴുതുകയാണ്' എന്ന സിനിമ അങ്ങ് കണ്ടിട്ടുണ്ടെന്നത് എനിക്കുറപ്പാണ്. മോഹൻലാലിന്റെ 'അയാൾ കഥ എഴുതുകയാണ്' എന്ന സിനിമയിൽ ശ്രീനിവാസൻ തഹസിൽദാരായി ജോയിൻ ചെയ്യാൻ വരുമ്പോൾ നായികയായ തഹസിൽദാർ ആ കസേരയിൽനിന്നും മാറിക്കൊടുക്കാത്ത രംഗമുണ്ട്.

<u>മി. സ്പീക്കർ</u>: നമ്മുടെ വിഷയം എബോളയാണ്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അതിന് സമാനമാണ് ഡി.എച്ച്.എസ്. കസേരക്കളിയും. അതിന്റെ നഷ്ടമാർക്കാണ്? അതിന്റെ ഭാഗമായുള്ള പ്രതിരോധ യോഗം നടത്താൻ സാധിക്കാതെപോയി എന്നുള്ളത് പ്രധാന പ്രശ്നമാണ്. പകർച്ചവ്യാധി സംബന്ധിച്ച അതിനിർണ്ണായകമായ യോഗം ടി പ്രശ്നത്തിന്റെ ഭാഗമായി മാറ്റിവയ്ക്കേണ്ടിവന്നുവെന്നുള്ളത് നാണക്കേടല്ലേ എന്നുള്ള ചോദ്യം സ്വാഭാവികമാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോഴും തങ്ങളുടെ ഉത്തരവാദിത്തങ്ങളിൽനിന്നും സർക്കാർ ഒളിച്ചോടുകയാണ്. നിപ റിപ്പോർട്ട് ചെയ്യപ്പെട്ട കോഴിക്കോട് ഉൾപ്പെടെ മലബാറിൽ നാല് ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരില്ല. ഞാനിത് പറയുമ്പോൾ കൈയടിക്കാൻ ട്രഷറി ബഞ്ചിലുള്ള മലബാറിലെ എം.എൽ.എ.-മാർക്ക് മടിയുണ്ടെങ്കിലും അവരുടെ മനസ്സ് ഇതറിഞ്ഞുകൊണ്ട് കൈയടിക്കുന്നുണ്ടെന്ന് ഞാൻ ഉറപ്പായും കരുതുകയാണ്. യു.ഡി.എഫ്.-ലെ തമ്മിൽതല്ല് കാരണം കോഴിക്കോടിനെ പ്രതിനിധീകരിച്ച് ഒരു മന്ത്രിയില്ല. എന്നാൽ ഒരു ഡി.എം.ഒ.-യെ എങ്കിലും കോഴിക്കോട് തന്നുകൂടെയെന്ന് സ്വാഭാവികമായും ചോദിക്കുകയാണ്? രണ്ടര കൊല്ലം കഴിഞ്ഞാൽ ഒരു മന്ത്രിയെ കിട്ടുമെന്നാണ് വാർത്തകൾ. എന്നാൽ

ഡി.എം.ഒ.-യെ കിട്ടാൻ രണ്ടരകൊല്ലം കാത്തിരിക്കേണ്ടിവരുമോ എന്നുള്ളതാണ് ഞങ്ങളുടെ ഭയം. കൂടാതെ പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ചിട്ടും ഡോക്ടർമാരെ നിയമിക്കാതിരിക്കുന്ന അവസ്ഥ വളരെ ഗൗരവമാണ്. ഏറ്റവുമധികം ഡോക്ടർമാരെ നിയമിക്കേണ്ട അവസരമാണിപ്പോൾ. ആവശ്യത്തിന് ഡോക്ടർമാരില്ലാതിരിക്കുമ്പോഴാണ് ഇങ്ങനെയൊരു സമീപനം സർക്കാർ സ്വീകരിക്കുന്നത്. കുറ്റകരമായ അനാസ്ഥയാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. എന്താണ് ഇതിന്റെ പിന്നിലെ താല്പര്യമെന്നത് എല്ലാവർക്കുമറിയാമെന്ന് ഞാൻ ചൂണ്ടിക്കാട്ടുകയാണ്. മഴക്കാലത്തിനുമുമ്പ് സ്വീകരിക്കേണ്ട മുൻകരുതലുകളും ശുചീകരണ പ്രവർത്തനങ്ങളും കൃത്യമായി നടപ്പാക്കിയിരുന്നെങ്കിൽ ഇന്നത്തെ സ്ഥിതി ഇത്ര ഗുരുതരമാകുമായിരുന്നില്ലായെന്നുള്ളത് നമുക്കറിയില്ലേ? ടീം യു.ഡി.എഫ്. ആണല്ലോ? ഈ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും പരസ്പരം പഴിചാരുന്ന എത്രയെത്ര വാർത്തകളാണ് നമ്മൾ കണ്ടത്. കഴിഞ്ഞ കുറേ വർഷങ്ങളെ അപേക്ഷിച്ച് എലിപ്പനിയും ഡെങ്കിപ്പനിയും തിരുവനന്തപുരത്ത് വർധിച്ച സാഹചര്യമുണ്ടായി.

വെള്ളക്കെട്ട് ഉണ്ടായപ്പോൾ യാതൊരു പ്രതിരോധ പ്രവർത്തനങ്ങളും സ്വീകരിച്ചിട്ടില്ലായെന്നുള്ളത് വസ്തുതയാണ്. ജില്ലാ ഭരണ സംവിധാനവും തദ്ദേശസ്വയംഭരണ വകുപ്പുമായി ആരോഗ്യ വകുപ്പിന് ഏകോപനമില്ലാത്ത പ്രശ്നമാണുള്ളത്. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തയുടനെതന്നെ പിഎം ശ്രീ പദ്ധതി അറബിക്കടലിൽ എറിഞ്ഞതിന്റെ ക്ഷീണത്തിലാണെന്നുള്ളത് നമുക്ക് അറിയാവുന്ന കാര്യമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ.സി.യു.-വിൽ കിടന്ന ഒരു രോഗി കോവിഡ് ബാധിച്ച് മരിച്ചു. അത് ഒരു കാരണവശാലും സംഭവിക്കാൻ പാടില്ലാത്തതാണ്. തൊട്ടടുത്തുകിടന്ന രോഗിക്ക് കോവിഡ് ഉണ്ടായിരുന്നുവെന്നും അത് പരിശോധിച്ചില്ലായെന്നുള്ളതുമാണ് പ്രശ്നം. ഇത് ഗൗരവമുള്ള വിഷയമായി കാണണം. സംസ്ഥാനത്ത് ഡെങ്കിപ്പനിയും എലിപ്പനിയും വ്യാപകമായിരിക്കുകയാണ്. ഇവമൂലമുള്ള മരണങ്ങളും ധാരാളമായി സംഭവിക്കുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നിപ റിപ്പോർട്ട് ചെയ്ത് അഞ്ചാമത്തെ ദിവസമാണ് മരുന്ന് എത്തിക്കുന്നത്. ആ മരുന്ന് മറ്റൊരു രോഗത്തിനും ഉപയോഗിക്കാവുന്ന മരുന്നാണ്. അതിന്റെ

പ്രതിരോധം സംസ്ഥാനത്ത് നേരത്തെ നടത്തിയിരുന്നെങ്കിൽ ഈ മരുന്ന് പത്തുദിവസം മുമ്പ് വാങ്ങിവയ്ക്കുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു. അക്കാര്യത്തിൽ യാതൊരുവിധ പരിശ്രമവും ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായില്ല. പ്രതിപക്ഷം ഈ വിഷയം ഉന്നയിച്ചപ്പോഴാണ് ഈ മരുന്ന് എത്തിച്ചത്. മുമ്പ് കോഴിക്കോട് നിപ രോഗവ്യാപനം ഉണ്ടായപ്പോൾ ജനപ്രതിനിധികളുടെ യോഗം വിളിച്ചിരുന്നു; അത് സ്വാഭാവികമായ കാര്യമാണ്. ആരോഗ്യ വകുപ്പിനും ജില്ലാ ഭരണസംവിധാനങ്ങൾക്കുമൊപ്പം ചേർന്നുനിന്ന് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജനപ്രതിനിധികൾ, എന്നാൽ ഇപ്പോൾ ജനപ്രതിനിധികളെ തടയുന്നതിന് പിന്നിൽ ഈ സർക്കാരിന്റെ സങ്കുചിത രാഷ്ട്രീയ താൽപര്യമുണ്ടോയെന്ന് പരിശോധിക്കണം. പ്രതിപക്ഷ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ് നിപ റിപ്പോർട്ട് ചെയ്തത്. അതുകൊണ്ട് അത് പൊതുവെ പരിശോധിക്കണം. ഭരണപക്ഷ എം.എൽ.എ., പ്രതിപക്ഷ എം.എൽ.എ. എന്ന വേർതിരിവില്ലാതെ എല്ലാവരെയും ചേർത്തുപിടിച്ചല്ലേ പോകേണ്ടത്? പകർച്ചവ്യാധി മാത്രമല്ല, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആശുപത്രികളിൽ നടന്ന ചികിത്സാപിഴവുകളുടെ കാര്യംകൂടി

പറയേണ്ടതുണ്ട്. ചികിത്സാപിഴവുകളുടെയും അനാസ്ഥയുടെയും പരമ്പരയാണ് നടക്കുന്നത്. ജനം ആഗ്രഹിക്കുന്നതാണ് ഞാൻ പറയുന്നത്. അതിൽ ആരും പ്രകോപനം ഉണ്ടാക്കാൻ ശ്രമിച്ചിട്ട് കാര്യമില്ല. കാലുവേദനയെ തുടർന്ന് മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സ തേടിയ നിലമ്പൂർ ചുങ്കത്തറ സ്വദേശിനിയുടെ ഞരമ്പ് മുറിച്ചുമാറ്റുന്ന അവസ്ഥയുണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന രോഗിയുടെ ശസ്ത്രക്രിയ കഴിഞ്ഞ കാലിൽ പുഴുവരിച്ച സ്ഥിതിയുണ്ടായി; തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന കൊല്ലം സ്വദേശി കട്ടിലിൽനിന്ന് വീണുമരിക്കുന്ന അവസ്ഥയും ഈ സർക്കാർ അധികാരമേറ്റെടുത്ത മുപ്പത്തിയഞ്ച് ദിവസത്തിനുള്ളിൽ കേരളത്തിലുണ്ടായി. പാമ്പുകടിയേറ്റ് രക്തം ഛർദിച്ച യുവതിക്ക് ചികിത്സ നിഷേധിക്കപ്പെട്ട സംഭവം നടന്നത് പൊന്നാനി താലൂക്ക് ആശുപത്രിയിലാണ്. വിവിധ വകുപ്പുകളിലെ വിവിധ മന്ത്രിമാർ കാരണമാണ് ഏകോപനം ഇല്ലാത്തതെന്ന് നമ്മൾ കരുതേണ്ട. ശബരിമല ഡ്യൂട്ടിക്ക് ഡോക്ടർമാരെ വേണമെന്നാവശ്യപ്പെട്ട് ദേവസ്വം വകുപ്പ് ആരോഗ്യ വകുപ്പിന് കത്തുനൽകി. ആരോഗ്യ വകുപ്പ് ഡോക്ടർമാരെ തരില്ലായെന്ന മറുപടിയാണ് നൽകിയത്. ദേവസ്വം വകുപ്പുമന്ത്രിയുടെ പേര്

ശ്രീ. കെ. മുരളീധരൻ എന്നാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ പേരും ശ്രീ. കെ. മുരളീധരൻ എന്നാണെന്നുള്ളത് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വ്യത്യസ്തരായ മന്ത്രിമാർ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്നതല്ല ഏകോപനത്തിന്റെ പ്രശ്നം. ഒരു മന്ത്രി കൈകാര്യം ചെയ്യുന്ന വ്യത്യസ്ത വകുപ്പുകളിലും ഏകോപനമില്ലായെന്നുള്ളതുതന്നെയാണ് ഇവിടുത്തെ പ്രശ്നം.

ലോകം അംഗീകരിച്ച ആരോഗ്യ ജാഗ്രതാ കലണ്ടർ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ജനുവരി 2026-ന് പ്രകാശനം ചെയ്യുവെന്ന ഒറ്റ വൈരനിരാധന ബുദ്ധിയുടെ ഭാഗമായി എന്തുകൊണ്ടാണ് നടപ്പിലാക്കാതെ പോയതെന്ന് ചർച്ച ചെയ്യപ്പെടണ്ടേ; 2026-ലെ ആരോഗ്യ ജാഗ്രതാ കലണ്ടർ പുറത്തിറക്കാത്ത പ്രശ്നം വന്നത് എന്തുകൊണ്ടാണ്; അത് പിൻപറ്റിയിരുന്നുവെങ്കിൽ ഇതിൽ പലതും പരിഹരിക്കാൻ സാധിക്കില്ലേ; എന്തുകൊണ്ട് അത് ചെയ്തില്ല?

യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന മെയ് 19 മുതൽതന്നെ 'ഡ്രൈ ഡേ' നടപ്പിലാക്കാനുള്ള നീക്കങ്ങൾ നടത്തേണ്ടിയിരുന്നില്ലേ? വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച

ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും വർഷങ്ങളായി 'ഡ്രൈ ഡേ' ആചരിക്കുന്നത് മെയ് 19-ന് അധികാരത്തിൽ വന്ന സർക്കാർ ഉടനെ ചെയ്യാതെപോയത് എന്തുകൊണ്ടാണെന്നുള്ള ചോദ്യം സ്വാഭാവികമായി ഉയരുകയാണ്. ഇവിടെ വിഷയം, കേരള മോഡൽ കൈവിടപ്പെടുന്നുവെന്നുള്ളതും; രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്ന സമീപനം ഇല്ലാതായിയെന്നുള്ളതും; ജനപ്രതിനിധികളെ വിശ്വാസത്തിലെടുക്കുന്നില്ലായെന്നുള്ളതും; രോഗ പ്രതിരോധ പ്രവർത്തനങ്ങൾ പൂർണ്ണമായും ഉദ്യോഗസ്ഥ കേന്ദ്രീകൃതമായി മാറിയെന്നുള്ളതുമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനുണ്ട്. അക്കാര്യം നിപയെക്കാൾ ബഹുമാനപ്പെട്ട മന്ത്രി ഭയക്കണമെന്നുള്ളത് ചൂണ്ടിക്കാട്ടുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. അത് ഭരണകക്ഷി എം.എൽ.എ.-മാർക്കും അറിയാവുന്ന വിഷയമാണെന്ന് ഞാൻ കരുതുന്നു. 'ഡ്രൈ ഡേ' പോലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എത്രയും വേഗത്തിൽ നടപ്പിലാക്കണം. ലഭ്യമായ കലണ്ടർ മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള ഇടപെടലുകൾ നടക്കണം.

ഉദ്യോഗസ്ഥരെ മാത്രം ആശ്രയിച്ച് പ്രവർത്തിച്ചാൽ പോരാ, ജനപങ്കാളിത്തം അനിവാര്യമാണ്. നിപ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളിൽപോലും പ്രത്യേക ടീമുകളെ നിയമിക്കാത്തത് ഗൗരവമായി പരിശോധിക്കുകയും ട്രാൻസ്ഫറുകൾ ചട്ടപ്രകാരമാകുകയും മെറിറ്റ് പാലിക്കപ്പെടുകയും വേണം. ഈ വിഷയത്തെ ഗൗരവമായി കാണേണ്ടതാണ്. രോഗബാധിത പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കാത്തത് തുടർന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മാത്രമല്ല, ആവശ്യമായ മരുന്നുകളും പ്രതിരോധ സാമഗ്രികളും മുൻകൂട്ടി ശേഖരിക്കണം. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനത്തിന്റെ അഭാവം പ്രകടമായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇനിയെങ്കിലും പരിഹരിക്കാൻ തയ്യാറാകണം. ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർക്കായി ഫലപ്രദമായ കോ-ഓർഡിനേഷൻ ഉണ്ടാകണം.

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ് ചെയ്യൂ. ഈ വാചകംകൂടി പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ട്രഷറി ബഞ്ചിൽ 101 ആളുണ്ടെന്നുള്ളതുകൊണ്ട് രാഷ്ട്രീയത്തിൽ മുപ്പത്തിയഞ്ച് 101-നേക്കാൾ

നിയമസഭയിൽ വലുതാണെന്ന് തെളിയിക്കുന്ന നാളുകളാണ് ഇനി സഭയിൽ വരാൻപോകുന്നത്. അതുകൊണ്ട് ഗൗരവമേറിയ വിഷയമാണിത്. പകർച്ചവ്യാധി നിയന്ത്രിക്കുന്നതിന് ഈ സർക്കാർ സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച രീതിയിലുള്ള യാതൊരുവിധ ഭീകരമായ അന്തരീക്ഷവും കേരളത്തിലും ആരോഗ്യ വകുപ്പിലുമില്ല. കഴിഞ്ഞ പത്തുവർഷക്കാലത്തെ റീൽസും അവസാനത്തെ അഞ്ചുവർഷത്തെ വീണമീട്ടലുമായിരുന്നു ഇന്ന് ആരോഗ്യ വകുപ്പ് നേരിടുന്ന പ്രശ്നം. എന്നാൽ യു.ഡി.എഫ്. സർക്കാർ ഭരണത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടയുടൻതന്നെ അതുസംബന്ധിച്ച് അന്വേഷണം നടത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് നിപയാണ്. മുൻ വർഷങ്ങളിൽ നിപ ബാധിച്ച് എത്രപേർ കേരളത്തിൽ മരണപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഞാൻ അധികാരത്തിൽ വന്നതിനുശേഷം ആകെ ഒരു കേസാണ്

റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ കേസ് റിപ്പോർട്ട് ചെയ്തയുടൻതന്നെ അതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചു. ഇതുവരെ ഒരാൾക്കുമാത്രമാണ് പോസിറ്റീവായത്. 104 പേരുടെ സമ്പർക്കപട്ടിക തയ്യാറാക്കിയിരുന്നു. രോഗിക്ക് രോഗം സ്ഥിരീകരിച്ചപ്പോൾ, ആദ്യം മന്ത്രി ഒന്നുപറഞ്ഞുവെന്നും ഉദ്യോഗസ്ഥർ മറ്റൊന്നുപറഞ്ഞുവെന്നുമാണ് ശ്രീ. പി. എ. മുഹമ്മദ് റിയാസ് പരാമർശിച്ചത്. ചില ഉദ്യോഗസ്ഥർ ഭരണം മാറിയതറിയാതെ കഴിഞ്ഞ സർക്കാരിനോട് കൂറുകാണിക്കുന്ന ചില പ്രവർത്തനങ്ങൾ നടത്തിയപ്പോൾ അവരെ കസേര മാറ്റിയിരുത്തിയെന്നെയുള്ളൂ. മറ്റൊരു കുഴപ്പവും ഉണ്ടായിട്ടില്ല. കഴിഞ്ഞ പത്താം തീയതിയാണ് നിപ രോഗിയെ അഡ്മിറ്റാക്കുന്നത്. മോണോ ക്ലോണൽ ആന്റി ബോഡി (Monoclonal Antibodies), റിബവൈറിൻ (Ribavirin) എന്നീ രണ്ട് ചികിത്സാമരുന്നുകൾ ആദ്യ ദിവസംതന്നെ രോഗിക്ക് നൽകിയിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് റെംഡീസിവിർ (Remdesivir) എന്ന മരുന്നിനെ സംബന്ധിച്ചാണ്. അങ്ങ് മന്ത്രിയായിരുന്ന ആ മന്ത്രിസഭയുടെ കാലം മുതൽ ഈ മരുന്ന് വാങ്ങി സ്റ്റോക്ക് ചെയ്തിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പത്താം തീയതി റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറിനുള്ളിൽതന്നെ ബഹ്റൈനിൽനിന്ന് ഡൽഹി വഴി ആ മരുന്ന് കണ്ണൂർ എത്തിക്കുകയും അന്നുരാത്രിതന്നെ രോഗിക്ക് ആദ്യ ഡോസ് കൊടുക്കുകയും ചെയ്തു. ആ രോഗിയെ അഡ്മിറ്റ് ചെയ്യുമ്പോൾ 24 മണിക്കൂർപോലും ആ രോഗി സർവൈവ് ചെയ്യില്ലെന്നായിരുന്നു ഡോക്ടർമാർ പറഞ്ഞിരുന്നത്. ഇതുവരെയായി ആ രോഗിക്ക് യാതൊരു കുഴപ്പവുമില്ല. വെന്റിലേറ്ററിലാണെങ്കിലും സ്ഥിതി ഗുരുതരമാണെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാലും ആദ്യം ഹോസ്പിറ്റലിൽവന്ന സന്ദർഭത്തിനേക്കാൾ രോഗിയുടെ ആരോഗ്യസ്ഥിതി ഭേദപ്പെട്ടിട്ടുണ്ടെന്നാണ് ലഭിച്ചിട്ടുള്ള വിവരം. പക്ഷെ, അത് ഗുരുതരമല്ലെന്ന് ഞാൻ പറയുന്നില്ല.  ആ ഒരു വ്യക്തിയിൽ മാത്രം രോഗം ഒതുങ്ങിനിന്നു. അദ്ദേഹത്തിന്റെ കുടുംബം ഉൾപ്പെടെ ഏതാണ്ട് 69-ഓളം പരിശോധന നടത്തിയതിൽ എല്ലാം നെഗറ്റീവായിരുന്നു. പിന്നെങ്ങനെയാണ് നിപ പടരുന്നതെന്നുപറയുന്നത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഒരു സത്യം പറഞ്ഞു; നേരത്തേതന്നെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിൽ ഇതൊഴിവാക്കാമായിരുന്നുവെന്ന്. അത് ശരിയാണ്, ഫെബ്രുവരി മാസം മുതലല്ലേ ഇതിനുള്ള മുൻകരുതലുകൾ

തുടങ്ങേണ്ടത്. ഫെബ്രുവരിയിൽ ഞാനായിരുന്നോ ആരോഗ്യ വകുപ്പുമന്ത്രി? ഫെബ്രുവരി മുതൽ ഒരു രോഗപ്രതിരോധ പ്രവർത്തനങ്ങളോ മഴക്കാല ശുചീകരണ പ്രവർത്തനങ്ങളോ  നടത്തിയിട്ടില്ല. ഇതെല്ലാം കഴിഞ്ഞ് കഴിഞ്ഞ മെയ് മാസത്തിൽ പുതിയ അംഗങ്ങൾ ചാർജെടുത്ത സമയത്ത് രോഗം വ്യാപിച്ചുകഴിഞ്ഞു. പക്ഷെ, ആ വ്യാപനം ഒരു പരിധിവരെ തടയാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 'ഡ്രൈ ഡേ'  സംബന്ധിച്ചെല്ലാം മറുപടിയിൽ പറഞ്ഞതാണ്. അദ്ദേഹം നേരത്തെ തയ്യാറാക്കിക്കൊണ്ടുവന്ന പ്രസംഗമാണ് വായിച്ചത്. ചില ഉദ്യോഗസ്ഥരുടെ അഭാവത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അഞ്ച് ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇല്ലെങ്കിലും അതിനുപകരം ചാർജുള്ളവരുണ്ട്. ആ പോസ്റ്റ് ഒഴിവായത് എന്നുമുതലാണ്? കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ചാർജ് ഓഫീസർമാരെ നിയമിച്ചത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. മാത്രമല്ല, ഇതിന്റെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലായിരുന്നു. ഇപ്പോഴാണ് ഡി.പി.സി. കൂടി ലിസ്റ്റ് തയ്യാറാക്കിയത്. ആ ലിസ്റ്റ് രണ്ടുദിവസത്തിനുള്ളിൽ പുറത്തിറക്കും. ഡി.പി.സി. നേരത്തെ കൂടേണ്ടതായിരുന്നു, പക്ഷെ കൂടിയിട്ടില്ല.  04-06-

2018-ൽ ശ്രീ. അനൂപ് ജേക്കബ് സഭയിലുന്നയിച്ച ഒരു ചോദ്യമുണ്ടായിരുന്നു. നിപ വൈറസ് ബാധമൂലം ഈ വർഷം എത്ര പേർ മരണപ്പെട്ടു; എത്ര പേർ ഗുരുതരാവസ്ഥയിലാണെന്ന് അറിയിക്കാമോ? നിപ വൈറസ് ബാധമൂലം ഈ വർഷം സംസ്ഥാനത്ത് 16 പേർ മരണപ്പെട്ടിട്ടുണ്ട്; 2 പേർ ചികിത്സയിലാണ് എന്നതായിരുന്നു പ്രസ്തുത ചോദ്യത്തിനുള്ള മറുപടി. എന്നിട്ടാണ് വെന്റിലേറ്ററിൽ കഴിയുന്ന ഒരു രോഗിയെ ചൂണ്ടിക്കാണിച്ച് ഇവിടെയെല്ലാം നിപ വ്യാപിച്ചുവെന്ന ദുഷ്പ്രചരണങ്ങൾ നടത്തുന്നത്. ഡി.എം.ഒ.മാരെ നീക്കുമെന്ന നിലപാട് സ്വീകരിക്കുന്നതിന് മുമ്പ് ഇത്തരം കാര്യങ്ങളിൽ മുൻകരുതലുകളും ആവശ്യമായ നടപടികളും സ്വീകരിച്ചിരുന്നോ എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. നിങ്ങൾ അധികാരത്തിലിരുന്ന കാലത്ത് ഈ വിഷയത്തിൽ ആവശ്യമായ ശ്രദ്ധചെലുത്തിയിരുന്നോ? ഇതൊന്നും നോക്കാതെ എല്ലാം വഷളാകാൻ ഇടയാക്കിയ ശേഷമാണ് ഞങ്ങൾ അധികാരത്തിലെത്തിയത്. അപ്പോൾ കുടത്തിൽനിന്നു പോയ ഭൂതത്തിനെ തിരിച്ചുകയറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം സാഹചര്യത്തിലാണ് സംസ്ഥാനത്ത് എല്ലാം നശിച്ചുവെന്ന തരത്തിലുള്ള ആരോപണങ്ങൾ നിങ്ങൾ

ഉന്നയിക്കുന്നത്. സർക്കാരിനോട് കൂറില്ലാത്ത ഉദ്യോഗസ്ഥന്മാരെ കസേര മാറ്റിയിരിത്തുക മാത്രമേ ഞങ്ങൾ ചെയ്യുകയുള്ളൂ. ഭാവിയിലും ഇത്തരം നടപടികളുണ്ടാകും. കാരണം സിസ്റ്റത്തിനോട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഹകരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. കഴിഞ്ഞ 10 വർഷക്കാലമായി തകർന്നുകിടന്ന ഒരു സിസ്റ്റത്തിനെയാണ് ശരിയായ ദിശയിലേക്ക് കൊണ്ടുവരാൻ ഞങ്ങൾ ശ്രമിക്കുന്നത്. ഈ സംസ്ഥാനത്തിന് ശക്തനായ ഒരു മുഖ്യമന്ത്രിയുണ്ട്. അദ്ദേഹത്തിനെ സഹായിക്കാൻ അത്ര ശക്തനൊന്നുമല്ലെങ്കിലും ആരോഗ്യമന്ത്രിയെപോലുള്ള മന്ത്രിമാർ ഈ സംസ്ഥാനത്തുണ്ട്. നിലവിൽ അടിയന്തര പ്രാധാന്യത്തോടെ ചർച്ച നടത്തേണ്ട സാഹചര്യമോ വിഷയമോ ഇപ്പോൾ നിലവിലില്ലെന്ന കാര്യം സൂചിപ്പിച്ചുകൊള്ളുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

*22-06-2026*
*Adjournment motion*

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ ഒരു വിഷയത്തിൽ എങ്ങനെ അത്യന്തം ലാഘവത്തോടെ പ്രതികരിക്കാമെന്നതിന്റെ ഉദാഹരണമാണ് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ മറുപടി. അദ്ദേഹം തന്റെ മറുപടി ആരംഭിച്ചതുതന്നെ സംസ്ഥാനത്ത് യാതൊരു ഭീകരാന്തരീക്ഷവും നിലനിൽക്കുന്നില്ലെന്ന് വ്യക്തമാക്കിക്കൊണ്ടാണ്. അതിന്റെ ഭാഗമായി അദ്ദേഹം സമർത്ഥിക്കാൻ നോക്കിയ ഒരേ ഒരു പ്രശ്നം നിപ ബാധിച്ച ആളിൽനിന്നും മറ്റാരിലേക്കും രോഗം പടർന്നില്ല. അതൊരു നല്ല കാര്യം തന്നെയാണ്. ഒരു സംശയവുമില്ല. പക്ഷേ, ആ ഘട്ടത്തിൽ സ്വീകരിച്ച ചെയ്തികൾ നിപ പോലുള്ള ഗുരുതരമായ ഒരു രോഗം വന്നാൽ സ്വീകരിക്കേണ്ട ചെയ്തികൾ ആയിരുന്നോ എന്നതാണ് ഗൗരവമായി പരിശോധിക്കേണ്ട വിഷയം. ഇവിടെ ആരും മരണപ്പെട്ടിട്ടില്ല എന്നത് തീർച്ചയായും നല്ല കാര്യമാണ്. നിപ മാരകശേഷിയുള്ള രോഗമാണെന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. അത്തരം ഒരു രോഗത്തിന് ഒരാൾ ഇരയായാൽ അത് ഒരാൾ ആയാൽ തന്നെ അടിയന്തരമായ പ്രതിരോധ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്

പ്രധാനം. എന്നാൽ അത്തരം പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിൽ വലിയ കാലതാമസമാണ് വരുന്നത്. സാധാരണഗതിയിൽ നിപ വന്നത് അദ്ദേഹത്തിന്റെ ഭാഷയിൽ എരണം കെട്ടവർ ഇരിക്കുമ്പോൾ ആ രോഗം ഇങ്ങോട്ട് വന്നതാണ് എന്നാണ് അദ്ദേഹത്തിന് തോന്നിയിരുന്നത്. ഏതായാലും ആ എരണംകെട്ടവർ ചെയ്ത കുറേ കാര്യങ്ങൾ ഉണ്ടായിരുന്നു. ആ വർഷം മരണപ്പെട്ടവരുടെ എണ്ണം അദ്ദേഹം ഇവിടെ ഉദ്ദരിച്ചപ്പോൾ അപ്പുറത്തുനിന്നും കയ്യടിക്കുന്നത് കേട്ടല്ലോ. അത് എരണം കെട്ടവർ ആയിരുന്നതുകൊണ്ടല്ല. ആ രോഗത്തിന്റെ മാരകമായ പ്രഹരശേഷിയെയാണ് അത് കാണിക്കുന്നത്. അങ്ങനെ സംഭവിച്ചപ്പോൾ നാടാകെ പ്രതിരോധത്തിന്റെ ഭാഗമായി അണിനിരന്നിരുന്നു. തുടർന്ന് എല്ലാ ഘട്ടത്തിലും നാം സ്വീകരിച്ച പ്രതിരോധ നടപടികളുണ്ട്. ആ പ്രതിരോധ നടപടികൾ ഒരു ഘട്ടത്തിലും സർക്കാർ മാത്രമെന്ന നിലയിലായിരുന്നില്ല. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് പ്രതിരോധ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. എല്ലാവരെയും ഒന്നിച്ച് അണിനിരത്തൽ ഇതിൽ ഏറ്റവും പ്രധാനമാണ്. ആ തരത്തിൽതന്നെയുള്ള ഇടപെടലുകൾ തുടർച്ചയായി നടന്നതാണ്.

എപ്പോഴെല്ലാം നിപ ബാധയുണ്ടായോ ആ ഘട്ടത്തിലെല്ലാം ആ തരത്തിലുള്ള പ്രതിരോധ നടപടികൾ ഉണ്ടായിട്ടുണ്ട്. അതിൽ ഒരു കാര്യം, കാര്യങ്ങളെല്ലാം നമ്മുടെ ആരോഗ്യരംഗത്തുള്ള വിദഗ്ധരും അതിനെ സഹായിക്കേണ്ട മറ്റ് ഉദ്യോഗസ്ഥരുമെല്ലാം ചെയ്തു. എന്നാൽ അതിനെല്ലാം ഒരു ജാഗ്രത കൂട്ടാൻ, ഏകോപനമുറപ്പിക്കാൻ സർക്കാർ എന്ന നിലയ്ക്ക് നിർവഹിക്കേണ്ട ബാധ്യതയുണ്ട്. ഇതുപോലൊരു രോഗമാകുമ്പോൾ ആ ബാധ്യത ഏറ്റവും കൂടുതൽ നിർവഹിക്കേണ്ടത് ഇതുപോലൊരു രോഗമാകുമ്പോൾ ആരോഗ്യവകുപ്പുമന്ത്രി തന്നെയാണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം എപ്പോഴൊക്കെ നിപ വന്നോ ആ ഘട്ടത്തിലെല്ലാം ആരോഗ്യമന്ത്രി തൊട്ടടുത്ത സമയം, അത് തൊട്ടടുത്ത മണിക്കൂർ അല്ല, ചിലപ്പോൾ ആ സ്ഥലത്ത് ഉണ്ടാകണമെന്നില്ല. ഇവിടെ നിന്നും അവിടെ എത്തേണ്ടി വരുമല്ലോ; ഇവിടെനിന്നും അവിടെ എത്താനുള്ള ആ സമയം മാത്രമെ എടുക്കുന്നുള്ളൂ. അവിടെ എത്തിയശേഷം എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുകയും എല്ലാം ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി നിപ ബാധിച്ച കോഴിക്കോട്

സന്ദർശിക്കാൻ എത്ര ദിവസം എടുത്തു; എന്തിനാണ് അത്രയും ദിവസമെടുത്തത്? അദ്ദേഹം കോഴിക്കോടുകാരൻ അണെന്നുള്ളത് നമുക്കെല്ലാം അറിയാം. അദ്ദേഹം കോഴിക്കോട് ഉണ്ടായിട്ടുണ്ടാകാം. അദ്ദേഹം കോഴിക്കോട് ഉണ്ടായിരുന്നു എന്നുപറയുന്ന സമയത്ത് നിപ സ്ഥിരീകരിച്ചിട്ടില്ല. സ്ഥിരീകരിച്ച സമയം അദ്ദേഹം ഇവിടെയാണ്. മറ്റെല്ലാം മാറ്റിവച്ച് അവിടെയെത്തി കാര്യങ്ങൾക്ക് നേതൃത്വം കൊടുത്ത് എല്ലാവരെയും ഏകോപിപ്പിക്കാൻ ശ്രമിക്കണ്ടേ; ആ ശ്രമം ഉണ്ടായോ; എന്തുകൊണ്ടാണ് ഇല്ലാതിരുന്നത്? അപ്പോൾ സാധാരണഗതിയിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ലായെന്നത് നാം കാണണം. ഭരണം മാറിയത് അറിയാത്ത ഉദ്യോഗസ്ഥരുണ്ടെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരുടെ കസേര ഒന്നു മാറുന്നു എന്നുമാത്രമേയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ എല്ലാവരും മനസ്സിലാക്കിയിട്ടുള്ള കാര്യമാണത്. കഴിഞ്ഞ മേയ് 18-ന് ആണല്ലോ ഈ ഗവൺമെന്റ് സത്യപ്രതിജ്ഞ നടത്തി അധികാരത്തിൽ വരുന്നത്. സാധാരണഗതിയിൽ അതിനുശേഷം ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്തോ? അതാണ് പരിശോധിക്കേണ്ട കാര്യം. അദ്ദേഹം ആ

കാര്യങ്ങൾ പറയുന്നതായി കണ്ടില്ല. സാധാരണനിലയ്ക്ക് കാലവർഷത്തിന് മുമ്പ് ചെയ്യേണ്ട പ്രതിരോധ പ്രവർത്തനങ്ങളുണ്ട്. ആ സമയം ഇവിടെ അധികാരത്തിലുണ്ടായിരുന്ന എൽ.ഡി.എഫ് സർക്കാർ എന്ത് ചെയ്തുവെന്ന് ചോദിക്കുന്നതായി കേട്ടു. അന്ന് എല്ലാവർക്കും അറിയാം നാം എല്ലാവരും തിരഞ്ഞെടുപ്പ് രംഗത്തായിരുന്നു. ആ ഘട്ടത്തിൽ പെരുമാറ്റ ചട്ടം ബാധകമായതുമാണ്. ഒരു ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടാൻ അധികാരമില്ല. ആ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്തിട്ടുണ്ട്. നിങ്ങൾ ഒരു മാസത്തിന്റെ കണക്ക് പറഞ്ഞല്ലോ? ആ മാസത്തിൽ യോഗം നടന്നിട്ടില്ലേയെന്ന് നോക്കൂ. ആ മാസത്തിൽ യോഗം നടന്നിട്ടുണ്ടാകും. പക്ഷെ അതിനുശേഷം പിന്നീടുള്ള മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആരെയെങ്കിലും വിളിക്കാൻ ഗവൺമെന്റിന് പറ്റുമോ? തിരഞ്ഞെടുപ്പ് ഫലം വന്നതിനുശേഷമുള്ള തീയതി ഞാൻ പറഞ്ഞില്ല. മെയ് 18-ാം തീയതിയ്ക്ക് ശേഷമുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. കാലവർഷത്തിന് മുമ്പേ ചെയ്യേണ്ട പ്രതിരോധപ്രവർത്തനങ്ങൾക്ക് കൃത്യമായി നേതൃത്വം കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞോ? അദ്ദേഹം തന്നെ ഒരു കാര്യം

പറഞ്ഞല്ലോ? ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ഏകോപനത്തിലല്ല എന്ന് ഉന്നയിക്കപ്പെട്ടിരുന്നു. ഞങ്ങൾ നേരത്തെ തന്നെ ഒരു കൂട്ടുത്തരവാദിത്വത്തിന്റെ പ്രശ്നം ഉന്നയിച്ചതാണ്. എങ്ങനെയാണ് അത്തരമൊരു നില ഉയർന്നുവന്നത്? ഞങ്ങളുടെ അനുഭവത്തിൽ ഇത്തരം കാര്യങ്ങളിൽ എല്ലായിടത്തും എല്ലാ ഘട്ടത്തിലും തദ്ദേശ സ്വയംഭരണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫലപ്രദമായി സഹകരിച്ചിട്ടുണ്ടെന്നതാണ്. നമുക്കെല്ലാവർക്കും അറിയാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാ രാഷ്ട്രീയകാരുമുണ്ടാകുമല്ലോ? അവിടെയൊന്നും രാഷ്ട്രീയം പ്രശ്നമായിട്ടില്ല. എല്ലാ കാലത്തും എല്ലാവരും ഇത്തരം കാര്യങ്ങളിൽ സഹകരിച്ചിട്ടുണ്ട്. XXXX+ നാട്ടിൽ പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി ഫലപ്രദമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഫോഗിങ് നടത്താറുണ്ടല്ലോ. എത്ര ഇടപെടലുകളുണ്ടായിട്ടുണ്ട്. ഇവിടെ ജനപ്രതിനിധികളുടെ സഹകരണവും സേവനവും ഉറപ്പുവരുത്തുകയെന്നത് വളരെ പ്രധാനമല്ലേ? ഫലപ്രദമായി അത് ഉണ്ടായിട്ടുണ്ടോ? അത്തരം കാര്യങ്ങളിൽ

+ സഭാധ്യക്ഷന്റെ പരിശോധനയിലാണ്.

മുൻകൈയെടുക്കേണ്ട ആരോഗ്യവകുപ്പ് കൃത്യമായി മുൻകൈയെടുത്തോ? പല കാര്യങ്ങളിലും വ്യത്യസ്തമായ പ്രതികരണങ്ങൾ ഉണ്ടായിട്ടുണ്ട്. അതിവിടെ പറഞ്ഞിട്ടുണ്ട്, ഞാൻ ആവർത്തിക്കുന്നില്ല. എങ്ങനെയാണ് വ്യത്യസ്തമായ പ്രതികരണം വരുന്നത്? മന്ത്രി ഒരു കാര്യം പറയുന്നു, ഉദ്യോഗസ്ഥർ മറ്റൊരു കാര്യം പറയുന്നു. അത് ആവർത്തിക്കുന്ന നിലയുണ്ടാകുന്നു. അതൊക്കെ നല്ല കാര്യങ്ങളാണോ? അങ്ങ് മുമ്പ് പറഞ്ഞ രീതിയിൽ ഭരണം മാറിയതറിയാത്ത ഉദ്യോഗസ്ഥരെയല്ല; പരക്കെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റമല്ലേ, ഏതു ഘട്ടത്തിലാണ് അത് ചെയ്തത്? ഇവിടെ ഫലപ്രദമായി ആരോഗ്യവകുപ്പ് പ്രവർത്തിക്കേണ്ട ഘട്ടത്തിലാണ് ഈ പറയുന്ന സ്ഥലമാറ്റം നടക്കുന്നത്. ആ സ്ഥലമാറ്റം പുറമേനിന്നുള്ള പലതരത്തിലുള്ള ഇടപെടലുകളുടെ ഭാഗമായിട്ടാണ് നടന്നത്. ഇവിടെ ആരോഗ്യവകുപ്പിന്റെ തലപ്പത്തുതന്നെ കസേരകളിയല്ലേ നടന്നത്; കസേര തർക്കമല്ലേ നടന്നത്? ഇത്തരമൊരു അവസ്ഥ ഏതെങ്കിലും കാലത്ത് കേരളത്തിലുണ്ടായിട്ടുണ്ടോ? പരസ്പരവിശ്വാസത്തിൽ എടുക്കണം. ഗവൺമെന്റ് എന്ന് പറയുന്നത് മന്ത്രിമാർ മാത്രമുള്ള ഭരണമല്ലത്, ഉദ്യോഗസ്ഥർക്കും അതിൽ പങ്കുണ്ട്. ഉന്നതോദ്യോഗസ്ഥരെ

വിശ്വാസത്തിലെടുത്ത് പോകാൻ കഴിയണം. ആ നില നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് വന്നുചേർന്നിട്ടുള്ളത്. ഇവിടെ മരുന്നിന് ക്ഷാമമുണ്ടാകുന്നു, ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭിക്കാത്ത അവസ്ഥ വരുന്നു. അപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിനെക്കുറിച്ച് പറഞ്ഞപ്പോൾ അപ്പുറത്ത് കൈ അടിക്കുന്നതായി കണ്ടു. ആ കൈയ്യടിയും ഈ കൈയടിയും രണ്ടാണ്. ഇത് പി.എസി.സി റാങ്ക് ലിസ്റ്റ് വന്ന അവർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. 390 ആളുകളെ എവിടെ നിയമിക്കണമെന്ന ഘട്ടം വരുകയാണ്. അതാണ് തടഞ്ഞത് അല്ലാതെ നേരത്തെയുള്ള ലിസ്റ്റല്ല.

<u>മി. സ്പീക്കർ</u>: യെസ്.. യെസ്..

<u>ശ്രീ. പിണറായി വിജയൻ</u>: ആ 390 പേരെ എന്തിനാണ് തടസ്സപ്പെടുത്തിയത്; ഒരു മാസമായില്ലേ; ഇതുവരെ നിയമനം നടന്നോ? എന്താണ് അതിന് പിന്നിലുള്ള അട്ടിമറി? സാധാരണ ഗതിയിൽ ഇത്തരം കാര്യങ്ങളിൽ ഒരു പ്രശ്നവും ഇല്ലല്ലോ? അത് അതിന്റെ വഴിക്ക് നടക്കുന്നതല്ലേ; എന്തിനാണ് കാലതാമസം; എന്താണ് ഇതിന് പിന്നിലുള്ള നിക്ഷിപ്ത താല്പര്യം? അതല്ലെ പ്രശ്നം.

മി. സ്പീക്കർ: 12 മിനിട്ട് കഴിഞ്ഞു. അങ്ങേക്ക് ഇനി എത്ര സമയം കൂടിവേണം?

ശ്രീ. പിണറായി വിജയൻ: ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി.സ്പീക്കർ: താങ്ക് യൂ.

ശ്രീ. പിണറായി വിജയൻ: ഈ പറയുന്ന കാര്യങ്ങൾ അദ്ദേഹത്തിന് തന്നെ ബോധ്യമായിക്കാണണം. ഇത് ആവർത്തിക്കരുത്. വളരെ ഗൗരവപരായി ഇടപെടേണ്ട ഘട്ടമാണിത്. നാല് ജില്ലകളാണ് അദ്ദേഹം പറഞ്ഞത്. മലബാറിലെ നാല് ജില്ലയും ഇടുക്കിയും കൂടി അഞ്ച് ജില്ലകളുണ്ട്. ആ അഞ്ച് ജില്ലകളിൽ ഡി.എം.ഒ. ഇല്ലായെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ഇനി അതിന് കാലതാമസമുണ്ടാകരുത്. കാരണം ഡി.എം.ഒ. യുടെ നേതൃത്വത്തിലാണ് അവിടെ കാര്യങ്ങൾ ചെയ്യേണ്ടത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഇന്നുതന്നെ ഫിൽ ചെയ്യും.

ശ്രീ. പിണറായി വിജയൻ: അവിടെ തന്നെ ചെയ്യേണ്ട കാര്യവും ഈ ഘട്ടത്തിൽ ഡി.എം.ഒ. യുടെ കൈയ്യിൽ ഫണ്ട് വേണം. ആ പ്രത്യേക ഫണ്ട് നൽകുന്ന കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണം. ആരോഗ്യ

പ്രവർത്തകരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള കൂട്ട സ്ഥലമാറ്റം ഈ ഘട്ടത്തിൽ നല്ലതല്ലയെന്നത് മനസ്സിലാക്കണം. താഴെ തട്ടിലുള്ള പ്രവർത്തനമാകെ സ്തംഭിച്ചിരിക്കുകയാണ്. എല്ലാം പൂർണ്ണ പരാജയമായി മാറിയിരിക്കുന്നു. അത്തരമൊരു ഘട്ടത്തിൽ  ഈ വിഷയം ചർച്ചചെയ്യില്ലെന്ന നിലപാടെടുത്ത ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്ക്-ഔട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. രാജൻ</u>: സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് പ്രതിപക്ഷം ഇവിടെ റൂൾ 50 ആയി അവതരിപ്പിച്ചത്. കുറഞ്ഞ നേരം കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുവെന്നുള്ളത് സ്വാഗതാർഹമാണെങ്കിലും ഈ ചർച്ച നിയമസഭയിൽ  കേരളത്തിലെ ജനങ്ങൾക്കുവേണ്ടി  കൊണ്ടുവരണമെന്ന് പറയുമ്പോൾ അതിനകത്ത് കേരളത്തോട് വിശദീകരിക്കേണ്ട ആരോഗ്യപ്രശ്നങ്ങളിലേക്കൊന്നും കടക്കാൻ അദ്ദേഹം തയ്യാറായില്ലായെന്നുള്ളത്  കടുത്ത പ്രതിഷേധാർഹമാണ്. ഇത്തരത്തിലൊരു രോഗം വന്നത് ഗവൺമെന്റിന്റെ കുറ്റംകൊണ്ടാണെന്ന്

ഞങ്ങളൊരു ഘട്ടത്തിലും പറയില്ല, അങ്ങനെ പറഞ്ഞ് ശീലവുമില്ല. ഇത്രയും ഗൗരവമായ ഒരു പ്രശ്നം വരുമ്പോൾ പത്തുവർഷക്കാലം കേരളത്തിൽ നിപ ബാധിച്ച് മരിച്ചവരുടെ എണ്ണം എത്ര; മുപ്പത്തിയഞ്ച് ദിവസത്തിൽ മരിച്ചവരെത്ര; അതിൽ കുറവേതാണ് കൂടുതലേതാണെന്ന് ചർച്ചചെയ്യേണ്ട സമയമാണോ ഇത്? യഥാർത്ഥത്തിൽ കേരളത്തിലെ ആരോഗ്യമേഖലയിൽ അപകടകരമായ പ്രവണത കണ്ടുവരുന്നുണ്ട്. അതിനെ നേരിടാനുള്ള മാർഗ്ഗമെന്താണ്? പ്രധാനമായും നമ്മൾക്കെല്ലാവർക്കും അറിയാവുന്നതുപ്പോലെ കേരളത്തിന്റെ ജനസാന്ദ്രയും പശ്ചിമഘട്ട പ്രദേശങ്ങളിലെ കാലാവസ്ഥയുടെ വ്യതിയാനവും കൊണ്ട് ഇപ്പോൾ പിടിപെടുന്ന രോഗങ്ങളെല്ലാം ഫംഗസ്, വൈറസ്, ബാക്ടീരിയ തുടങ്ങിയവയുടെ പ്രവർത്തനഫലമാണെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, രോഗത്തെ എങ്ങനെ തടയാമെന്നുള്ള കാര്യത്തിലല്ലേ നാം ഗൗരവമായി പരിശോധന നടത്തേണ്ടത്. ആ പരിശോധനയുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾ സമ്പൂർണ്ണമായി കേരളത്തിൽ പരാജയപ്പെട്ടുവെന്നുള്ളതാണ് യാഥാർഥ്യം. മുമ്പ് പറഞ്ഞതുപ്പോലെ ഫെബ്രുവരി മാസത്തിൽ അന്നത്തെ മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ ചീഫ് സെക്രട്ടറിയും, വകുപ്പുമേധാവികളും മന്ത്രിമാരും പങ്കെടുത്തുകൊണ്ട് വളരെ വിശദമായ ചർച്ച നടത്തി. ഈ ഘട്ടത്തിൽ എങ്ങനെ മുന്നോട്ടുപോകണമെന്ന് ആലോചിച്ചതല്ലേ? അങ്ങനൊരു ആലോചന നടന്നിട്ടില്ലായെന്ന് അദ്ദേഹം പറയില്ലെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കാരണം രേഖകളിൽ അത് ബോധ്യപ്പെടേണ്ടതുണ്ട്. ഈ ഘട്ടത്തെ നേരിടാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം നിതാന്ത ജാഗ്രതയോടെ ഈ ഘട്ടത്തിലിടപെടണമെന്നുള്ളതാണ്. അങ്ങ് സംരക്ഷണം നൽകേണ്ടവരാണ് ഞങ്ങൾ. കേരളത്തിലെ ജില്ലകളിൽ നടത്തുന്ന മഴക്കാലപൂർവ രോഗങ്ങളെ നേരിടാനായി മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന അടിയന്തിരയോഗത്തിൽ ഇത്തവണ എം.എൽ.എ. മാരെ ക്ഷണിച്ചില്ല. എന്തുകൊണ്ടാണ് എം.എൽ.എ.മാരെ ക്ഷണിക്കാതെ നടപടിയെടുക്കുന്നത്? ഞാൻ എന്റെ ജില്ലയിലെ ചുമതലക്കാരനായ മന്ത്രിയോട് പരാതി പറഞ്ഞു. പ്രതിപക്ഷ എം.എൽ.എ.മാർ മാത്രമല്ല ഈ പ്രവർത്തനങ്ങളോട് സഹകരിക്കേണ്ട 102-ൽ മന്ത്രിമാർ ഒഴിച്ച് പ്രവർത്തനരംഗത്തുള്ള ഭരണകക്ഷി എം.എൽ.എ.മാർ കൂടിയില്ലേ? സാധാരണ പത്ത് വർഷക്കാലം മാത്രമല്ല ദീർഘമായൊരു കാലം ഏറ്റവും

കൂടുതൽ കാലത്തെ അനുഭവമുള്ളത് അങ്ങേയ്ക്കാണ്. ഏത് ഗവൺമെന്റ് വന്നാലും എം.എൽ.എ.മാരെ വിളിച്ച് യോഗം ചേർന്ന് അവരുടെ കൂടി നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ശ്രമിക്കില്ലേ? വളരെ ദയനീയമായിപോയി ആ യോഗം വിളിക്കാതെ പോയത്. കേരളം ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മോഡലുകളിലൊന്നല്ലേ ഇവിടത്തെ ആരോഗ്യമേഖല. ആ ആരോഗ്യമേഖലയിൽ ഇത്രയും ഗൗരവമായൊരു പ്രശ്നം വന്നാൽ ആരോഗ്യ മന്ത്രിയല്ല ഡി.എച്ച്.എസ്. മുതൽ പൊതു ആരോഗ്യ വിദഗ്ധന്റെ മേധാവി മുതൽ ശുചീകരണ തൊഴിലാളി വരെ ഒരേ മനസ്സായി നിൽക്കണ്ടേ? 25-05-2026-ൽ കേരള പി.എസ്.സി.യുടെ സെക്രട്ടറി ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസ്-ന് അയച്ച രണ്ട് പേജുള്ള അഡ്വൈസ് മെമ്മോയെകുറിച്ച് ഇവിടെ പറഞ്ഞല്ലോ. അത് ഗൗരവമായ പ്രശ്നമാണെന്ന് പി.എസ്.സി.ക്ക് ബോധ്യപ്പെട്ടതിനാൽ വെരിഫിക്കേഷൻ പൂർത്തിയാകുന്നതിന് മുമ്പ് ആവിശ്യമെങ്കിൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവരെ താല്ക്കാലികമായി നിയമിക്കാൻ ഡി.എച്ച്.എസ്.-ന് അനുവാദം നൽകികൊണ്ടുള്ള ഉത്തരവ് നൽകി. അതെങ്ങനെ ശരിയാകും? ഒരു

മേശയുടെ ഇരുവശത്തും രണ്ട് ഡി.എച്ച്.എസ്. ഇരിക്കുകയാണ്. അധികാരതർക്കത്തിന്റെ പ്രശ്നമാണിത്. ഗവൺമെന്റ് അതിനൊരു തീരമാനമെടുക്കണ്ടേ? കോടതി പറയുന്നത് അംഗീകരിക്കുന്നുണ്ടോ ഇല്ലയോ? നിലവിലുള്ള ഡി.എച്ച്.എസ്.-നെയാണോ അംഗീകരിക്കുന്നത്. അതോ കോടതി വിധിയാണോ അംഗീകരിക്കുന്നത്. ഒരു മേശയുടെ ഇരുവശങ്ങിൽ രണ്ട് ഡി.എച്ച്.എസ്.മാർ ഇരുന്ന് കേരളമിതുവരെ കണ്ടിട്ടില്ലാത്ത വിധം അപമാനകരമായ ചർച്ചയ്ക്ക് നേതൃത്വം നൽകുകയാണ്. മുമ്പ് നമ്മൾ എല്ലാവരും ഒരുമിച്ച് കണ്ടതല്ലേ ഇതെല്ലാം. ഇന്ത്യയിൽ ആദ്യമായി കോവിഡ് സ്ഥിരീകരിച്ചത് കേരളത്തിലല്ലേ? ചൈനയിലെ വുഹാനിലെ മെഡിക്കൽ വിദ്യാർഥികളായ മൂന്നുപേർ കേരളത്തിലേക്ക് വന്നപ്പോൾ എങ്ങനെയാണ് കേരളത്തിന് അത് തിരിച്ചറിയാൻ കഴിഞ്ഞത്? വുഹാനിൽ കോവിഡുണ്ടെന്ന് അറിഞ്ഞപ്പോൾ തന്നെ കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും പരിശോധന സജ്ജമാക്കി. അപ്പോൾ അങ്ങുൾപ്പെടെ നമ്മളെല്ലാവരും ഈ നിയമസഭയിലായിരുന്നു. മണിക്കൂറുകൾക്കകം ആരോഗ്യ വകുപ്പുമന്ത്രിയും ജില്ലയിലെ മൂന്ന് മന്ത്രിമാരും സ്ഥലത്തെത്തി രണ്ടര മണിക്കൂർ നേരം യോഗം നടത്തി മെഡിക്കൽകോളേജുകളെ

സജ്ജമാക്കി. അതാണ് ജാഗ്രത. ആ ജാഗ്രതയിലേക്ക് പോകാതെ വളരെ വില കുറച്ച് രാഷ്ട്രീയപരമായി ഇക്കാര്യത്തെ കാണുന്നതിലുള്ള പ്രയാസം കൊണ്ടാണ് ഇത് ഗൗരവമായി ചർച്ചചെയ്യണമെന്നുള്ള പ്രശ്നം നമ്മൾ ഉന്നയിക്കുന്നത്. അങ്ങയെ ഒരിക്കലും നിപാ രാജാവ് എന്ന് ഞങ്ങൾ വിളിക്കില്ല. മുൻ മന്ത്രിയെ നിപാ റാണി എന്ന് നേരത്തെ ഒരാൾ വിളിച്ചുകൊണ്ട് അങ്ങ് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയാൽ നിപാ രാജാവെന്നോ എരണംകെട്ട മന്ത്രിയെന്നോ ഞങ്ങൾ വിളിക്കില്ല. കാരണം ഇത് രാഷ്ട്രീയമല്ല. ഈ രോഗം വരുന്നതിന് കാരണമുണ്ട്. പണ്ട് കോവിഡ് വന്ന കാലത്ത് ഒരു കേന്ദ്ര മന്ത്രി കിണ്ണത്തിൽ കൊട്ടിയാൽ കോവിഡ് പോകും എന്നു പറഞ്ഞതുപോലെ മേശപ്പുറത്ത് കൊട്ടിയാൽ പോകാവുന്ന രോഗങ്ങളല്ല കേരളത്തിന്റെ മുമ്പിലുള്ളത് എന്നുള്ളതുകൊണ്ട് ഇത് ഗൗരവമായി ചർച്ച ചെയ്യണം. മിനിട്ടിന്റെ കണക്ക് വച്ച് നോക്കിയിട്ട് കാര്യമില്ല. എല്ലാ ജില്ലകളെയും ബാധിക്കുന്ന പ്രശ്നമാണ്. ഇത് ഗൗരവമായി ചർച്ച ചെയ്യാതെ വളരെ സിമ്പിളായി കണ്ടുകൊണ്ട് ഈ രോഗത്തെ പ്രതിരോധിക്കാൻ കേരളം ഒരുമിച്ച് ഒരു മനസ്സായി നിൽക്കേണ്ട സംഭവത്തെ

അത്തരത്തിൽ നിന്ന് ലളിതമായിക്കാണുന്ന ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>മി.സ്പീക്കർ</u>: യെസ്. യെസ്. ഓർഡർ.... ഓർഡർ....

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാർ</u>): സർ, റൂൾ 50 അവതരിപ്പിക്കുമ്പോൾ, അവതരിപ്പിക്കുന്ന ആൾക്ക് പത്ത് മിനിറ്റാണ് കൊടുക്കാറുള്ളത്. ഇത് കഴിഞ്ഞ പത്തു വർഷമായിട്ട് നമ്മൾ ഇവിടെ തുടരുന്ന ഒരു കീഴ്വഴക്കമാണ്. സ്പീക്കറുടെ ചെയർ ചിലപ്പോൾ അത് ഒന്നോ രണ്ടോ മിനിറ്റ് കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാറുണ്ട്. പക്ഷേ അനുവദിക്കുന്നത് പത്ത് മിനിറ്റാണ്. ഇന്ന് കൊടുത്തത് ഏതാണ്ട് പതിനഞ്ച് മിനിറ്റാണ്.

<u>മി.സ്പീക്കർ</u>: പന്ത്രണ്ട് മിനിറ്റാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പതിനഞ്ച് മിനിറ്റ്. മറ്റൊരു കാര്യം വാക്കൗട്ട് പ്രസംഗം രണ്ടാമത്തെ കക്ഷി ഇവിടെ പ്രസംഗിച്ചത് ഏതാണ്ട് ഏഴ് മിനിറ്റാണ്. മെൻഷൻ ചെയ്യുമ്പോൾ ജസ്റ്റ് ലൈൻ പറഞ്ഞ്

പോകാനേ പാടുള്ളൂ. പക്ഷേ അംഗം ഏഴ് മിനിറ്റ് എടുത്തു. ഇത്തരം കീഴ്വഴക്കങ്ങൾ ഉണ്ടാക്കരുതെന്നാണ് അങ്ങയോട് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ശ്രീ. കെ. മുരളീധരൻ: സർ, വിവിധ വകുപ്പുകളെ ഏകോപ്പിച്ചുകൊണ്ട് നിപ രോഗവ്യാപനത്തെ നേരിടുമെന്നാണ് ഇന്നത്തെ എന്റെ മറുപടിയിൽ ഞാൻ ആദ്യം പറഞ്ഞത്. പക്ഷേ പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗത്തിൽ XXXX+ രീതിയിൽ പറഞ്ഞത് ശരിയല്ല. അത് അങ്ങ് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി.സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. കെ. മുരളീധരൻ: സർ, വിവിധ വകുപ്പുകളെ ഏകോപ്പിച്ചുകൊണ്ട് ഈ രോഗവ്യാപനത്തെ പ്രതിരോധിക്കുമെന്നാണ് ഞാൻ പറഞ്ഞത്. അത് അങ്ങ് ഒന്ന് ശ്രദ്ധിക്കണം.

മി. സ്പീക്കർ: യഥാർഥത്തിലുള്ള പ്രസ്ഥാവന മാത്രമേ രേഖയിലുണ്ടാകുകയുള്ളൂ. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ഞാൻ പരിശോധിക്കാം. പക്ഷേ എന്റെ ഓർമ്മ ശരിയാണെങ്കിൽ,

+ സഭാധ്യക്ഷന്റെ പരിശോധനയിലാണ്.

ഞാൻ ഇവിടെയിരുന്ന് കണ്ട അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. പതിമൂന്ന് മിനിറ്റാണ് പ്രതിപക്ഷ നേതാവ് സംസാരിച്ചത്. എന്നാലും രേഖ പരിശോധിക്കാം. പത്ത് മിനിറ്റ് കഴിഞ്ഞപ്പോൾത്തന്നെ ഞാൻ അദ്ദേഹത്തോടു ചോദിച്ചു അങ്ങേക്ക് എത്ര സമയം കൂടുതൽ വേണമെന്ന്. അദ്ദേഹം വളരെ ഉദാരമതിയായിട്ട് അത് സമയത്തിനുള്ളിൽ തീർക്കുകയാണെന്ന് പറഞ്ഞു. അഞ്ച് മിനിറ്റാണ് ശ്രീ. കെ. രാജൻ സംസാരിച്ചത്. അഞ്ച് മിനിറ്റിനേക്കാൾ ചിലപ്പോൾ ഒരു മിനിറ്റ് മുന്നിലേക്ക് പോകാൻ സാധ്യതയുണ്ട്. എന്തായാലും രേഖ പരിശോധിക്കാം. അങ്ങ് പറഞ്ഞ അഭിപ്രായമനുസരിച്ച് നമുക്കെല്ലാവർക്കുംകൂടി ആലോചിച്ച് ഒരു പൊതുധാരണയുണ്ടാക്കി ഇതിന്റെയൊരു ടൈം ഷെഡ്യൂൾ ഉണ്ടാക്കുന്നതിൽ ചെയറിന് ഒരു വിരോധവുമില്ലെന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയും ചെയ്യുകയാണ്.